ശ്രീ. ടി. കെ. രാമകൃഷ്ണൻ: കളക്ടറും ഡി. എസ്. പി. യും ബലാൽസംഗം നടന്നിട്ടില്ലെന്നാണ് പറയുന്നത്. എന്നിട്ട് പോലീസ് കേസെടുത്തു എന്നുപറയുന്നതിൽ എന്തർത്ഥമാണ്? ആലപ്പുഴ പട്ടണത്തിലെ കളക്ടറും മറ്റും ഇരിക്കുന്നതിന് ഒരു കിലോമീറ്റർ ദൂരത്തിൽ ഹരിജനങ്ങളെ നിരന്തരമായി ബലാൽസംഗം ചെയ്യുമ്പോഴും ഇല്ലെന്നുപറയുന്നതിനെ മന്ത്രി ന്യായീകരിക്കുകയല്ലേ ചെയ്യുന്നത്.

ശ്രീ. കെ. എം. മാണി: നിയമത്തിൽ ബലാൽസംഗത്തിന് ചില വ്യാഖ്യാനങ്ങളും നിർവ്വചനങ്ങളും ഉണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബലാൽസംഗം എന്നുള്ളതിന് നിയമത്തിൽ എന്തൊക്കെയാണു വ്യാഖ്യാനം?

(പ്രതിപക്ഷ ബഞ്ചുകളിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഹരിജനങ്ങളെ തുടർച്ചയായി ബലാൽസംഗം ചെയ്തിട്ടും അതെപ്പറ്റി അന്വേഷിക്കുകയില്ല, കളക്ടറും ഡി. എസ്. പി. യും പറയുന്നുണ്ട് ബലാൽസംഗം നടന്നിട്ടില്ല എന്ന്....

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ:) സർ, ഏതുതരത്തിലുള്ള അന്വേഷണത്തിനും തയ്യാറാണെന്നാണ് മന്ത്രി പറഞ്ഞുനിറുത്തിയത്; എന്നിട്ടും അന്വേഷണം നടത്തുകയില്ലെന്നുപറഞ്ഞു, എന്നുപറഞ്ഞിട്ട് ഇറങ്ങിപ്പോകേണ്ട.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഹരിജനങ്ങളെ തുടർച്ചയായി മർദ്ദിക്കുകയും ബലാൽസംഗം ചെയ്യുകയുംചെയ്തിട്ടും ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ടു നടത്തുന്നു. (മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി അംഗങ്ങൾ സഭയിൽനിന്നും ഇറങ്ങിപ്പോയി. കൂടാതെ ജനതാപാർട്ടി, പ്രതിപക്ഷ മുസ്ലീംലീഗ് എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

ശ്രീ. കെ. കരുണാകരൻ: സർ, ഈ കാര്യത്തിൽ അന്വേഷണം നടത്താൻ തയ്യാറാണെന്ന് ഗവൺമെന്റു പറഞ്ഞു. ഒരന്വേഷണത്തിന് ഉടനെ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

III. ശ്രദ്ധ ക്ഷണിക്കൽ

റാന്നി ഫോറസ്റ്റു റേഞ്ചുകളിലെ മലയോര കർഷകരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. കെ. എ. മാത്യു: സർ, റാന്നി ഫോറസ്റ്റ് ഭൂവിഭാഗത്തിൽ താമസിക്കുന്ന മലയോര കർഷകർ അനുദിനമെന്നോണം താഴെക്കിടയിലുള്ള വനംവകുപ്പുദ്യോഗസ്ഥൻമാരുടെ പീഡനങ്ങൾക്കു വശംവദരായിക്കൊണ്ടിരിക്കുകയാണ്. അനധികൃതമായ കൈയേറ്റം ഒഴിപ്പിക്കൽ എന്ന പേരിൽ ഇവർ കാട്ടിക്കൂട്ടുന്ന ക്രൂര വിനോദം ആരുടേയും കരളലയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിറകുംഭങ്ങളുമായി നിൽക്കുന്ന തെങ്ങിൻ തൈകളും, കറ പുരത്തി നിൽക്കുന്ന റബ്ബർ മരങ്ങളും, പൂത്തുലഞ്ഞു നിൽക്കുന്ന കശുമാവിൻ ചെടികളും ഇവയെല്ലാം വെട്ടി നശിപ്പിക്കുക എന്നുള്ളതു് ഒരു നിത്യ സംഭവമായിത്തീർന്നിരിക്കുകയാണു്. 1-1-1977-നു മുൻപുള്ള കൈയേറ്റങ്ങളും ഒഴിപ്പിക്കാൻ പാടില്ലെന്നു നിർദ്ദേശമുണ്ടായിരുന്നിട്ടും അതു് മുൻപുണ്ടായിരുന്ന വനംവകുപ്പു മന്ത്രി നൽകിയതാണു്, ഇന്നതില്ല എന്നുള്ള വ്യാജേനയാണു് ഈ ക്രൂര വിനോദം നടത്തുന്നതു്. ഏതു സമയത്താണു് ഈ കിങ്കരൻമാർ കടന്നുവരുന്നതു് എന്നുള്ള ഭയപ്പാടോടുകൂടി, അങ്കലാപ്പോടുകൂടിയാണു് ആ പ്രദേശത്തുള്ള മലയോര കർഷകർ ദിനരാത്രങ്ങളും തള്ളി നീക്കുന്നതു് എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. അവിടെയുമിവിടെയുമായി അൽപ സ്വൽപം കൈയേറ്റങ്ങളും മലയോര പ്രദേശത്തു നടന്നുകാണും; ഇല്ല എന്നു ഞാൻ പറയുന്നില്ല. ഞാൻ അതു നിഷേധിക്കുന്നുമില്ല. എന്നാൽ, നമ്മുടെ നാട്ടിലെ രൂക്ഷമായി അഭിമുഖീകരിച്ചു കൊണ്ടിരുന്ന ഭക്ഷ്യക്ഷാമം തരണം ചെയ്യുന്നതിനു്. ഈ മലയോര കർഷകർ ചെയ്തിട്ടുള്ള നിസ്തുലമായ സേവനം നമുക്കു വിസ്മരിക്കാൻ സാധ്യമല്ല. എല്ലാ പ്രതികൂല സാഹചര്യങ്ങളെയും മല്ലിട്ടുകൊണ്ടു്, കാട്ടാനയും കാട്ടുപോത്തും മലമ്പാമ്പുകളും സൈര വിഹാരം നടത്തിയിരുന്ന കാനന ഭൂമികളൊക്കെ ഇന്നു കനകം വിളയിക്കുന്ന കൃഷി ഭൂമികളാക്കി മാറ്റിയതിൽ ഹതഭാഗ്യരായ ഈ കർഷക സുഹൃത്തുക്കൾ ചെയ്തിട്ടുള്ള ത്യാഗോജ്ജ്വലമായ സേവനങ്ങളും നമുക്കു വിസ്മരിക്കാൻ സാധിക്കുകയില്ല. ഈ അനധികൃത കൈയേറ്റങ്ങളൊക്കെ 1-1-1977-നു മുൻപു നടന്നിട്ടുള്ളതാണു്. അതുവരേയും കാലാകാലങ്ങളിൽ ഈ ഉദ്യോഗസ്ഥ വൃന്ദത്തിനു് അവർ കപ്പം കൊടുത്തിരുന്നു എന്നുള്ളതാണു് വസ്തുത. ഇന്നു് അതൊക്കെയും മധുരിക്കുന്ന ഓർമ്മകളായി മാറിയതിന്റെ പേരിലുള്ള പക പോക്കലാണു് ഈ പ്രതിഷേധ നടപടി. രാഷ്ട്രീയ ,നേതാക്കൻമാരൊന്നും അങ്ങോട്ടു കടന്നു ചെല്ലാതിരുന്ന അവസരത്തിൽ ഇവർ അവരെ അടക്കി ഭരിക്കുകയായിരുന്നു. ആ കാലത്തിനൊക്കെ തിരശ്ശീലയിട്ടുകൊണ്ടു് ഒരു പുതിയ ജീവിതം ഉടലെടുത്തതിന്റെ പേരിൽ കർഷകർ ഇന്നു കപ്പം കൊടുക്കാൻ മടിക്കുകയാണു്. അതിന്റെ പേരിൽ അവർ നൂറു നൂറു കള്ളക്കേസുകളും ചമയ്ക്കുന്നു. അവരുടെ കൃഷിഭൂമി നശിപ്പിക്കുന്നതുപോലെതന്നെ അവരെ ക്രൂരമായ പീഡനങ്ങൾക്കും വശംവദരാക്കുന്നുണ്ടു്. ഒരു പ്ലോട്ടിൽ തന്നെ നാലും അഞ്ചും കേസുകളും നിലനിൽക്കുകയാണു്. കൃഷിക്കാർ കോടതിയിൽ കേസിനു പോകുമ്പോഴാണു് വനം വകുപ്പുദ്യോഗസ്ഥൻമാർ കൈയേറ്റം നടത്തുന്നതു്. സർ, ഇനി മേലിൽ നമ്മുടെ നാട്ടിൽ വനം കൈയേറ്റം നടക്കരുതു് എന്നുള്ള അഭിപ്രായമാണെനിക്കുള്ളതു്. അതേ സമയത്തു് 1-1-1977-നു മുൻപുള്ള കൈയേറ്റങ്ങളൊക്കെ അതേപടി നിൽക്കട്ടെ എന്ന ഗവൺമെൻറു് നയത്തിനു വിരുദ്ധമായി ഫോറസ്റ്റുദ്യോഗസ്ഥൻമാർ എടുക്കുന്ന നടപടികളും നിരുൽസാഹപ്പെടുത്തണമെന്നും അവർക്കു കർശനമായ നിർദ്ദേശം കൊടുക്കണമെന്നും ഞാനഭ്യർത്ഥിക്കുന്നു. അവർക്കു ലഭിച്ചുകൊണ്ടിരുന്ന കൈക്കൂലി ലഭിക്കാതായതിന്റെ പേരിൽ മനഃപൂർവ്വം ഉണ്ടാക്കിയിരിക്കുന്ന ഈ സ്ഥിതി വിശേഷത്തിൽനിന്നും കർഷകരെ മോചിപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു.

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ.പി.എസ്.ശ്രീനിവാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യത്തെപ്പറ്റി അന്വേഷിക്കുകയും എനിക്കു കിട്ടിയ വിവരങ്ങളുംവച്ചു കൊണ്ടുള്ള വസ്തുതകളും ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. സർ, ബഹുമാനപ്പെട്ട മെമ്പറും കുറച്ചു കൃഷിക്കാരുംകൂടി ഒരാഴ്ചയ്ക്കു മുൻപു് എന്നെ കണ്ടു് വളരെ ഗുരുതരമായ ഒരു സ്ഥിതി അവിടെ ഉണ്ടെന്നു് പറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

കാരണം കൃഷിക്കാരെ ഒഴിപ്പിക്കാൻ ശ്രമിക്കുന്നു, അതുണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കണം എന്ന് എന്നോട് ആവശ്യപ്പെടുകയും ചെയ്തു. അതനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ച് പഴയ കയ്യേറ ക്കാരെ താൽക്കാലികമായി ഏതായാലും ഒഴിപ്പിക്കാൻ പാടില്ലെന്നു കർശനമായ നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. എന്നാൽ ഗവൺമെൻറ് എടുത്തിട്ടുള്ള ഒരു തീരുമാനം, 1-1-1977-ന് ശേഷമുള്ള എല്ലാ കയ്യേറക്കാരെയും ഒഴിപ്പിക്കുക, 1-1-1977-ന് ശേഷം ഒരു കയ്യേറവും അനുവദിക്കാതെയിരിക്കുക, ഇനിയുള്ള കയ്യേറങ്ങളും കർശനമായി തടയുക എന്നുള്ളതാണ്. 1-1-1977-ന് മുമ്പുള്ളതിനെപ്പറ്റി ഗവൺമെൻറ് ഇനിയും വ്യക്തമായ തീരുമാനം എടുത്തിട്ടില്ല. അവരുടെ കാര്യം എന്താണ് ചെയ്യേണ്ടത്, അവരിൽ ഒഴിപ്പിക്കപ്പെടേണ്ടവർ ഉണ്ടോ? ഭൂമി കൊടുക്കണമോ എന്നുള്ളതിനെപ്പറ്റി ഒരു തീരുമാനവും എടുത്തിട്ടില്ല. തീരുമാനം വളരെ താമസിയാതെ എടുക്കുന്നതാണ്. വനം കയ്യേറം ഈ സഭയിലും, ഈ രാജ്യത്തും ഉള്ള മുഴുവൻ ആളുകളും എതിർക്കുന്ന കാര്യമാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചതുപോലെ ഭക്ഷ്യോൽപ്പാദന വികസന പരിപാടിയനുസരിച്ച് ഈ രാജ്യത്തിന് വലിയ സേവനം ചെയ്ത കൃഷിക്കാർ ഉണ്ട്. അവർ രാജ്യത്തിന് ഒരുപാടു സമ്പത്ത് ഉണ്ടാക്കിത്തന്നു. എന്നാൽ ഇനി വനത്തിൽ കയ്യേറി ഒരു സേവനവും സമ്പത്തും ഉണ്ടാക്കേണ്ടതില്ല എന്നാണ് ഗവൺമെൻറിൻറെ അഭിപ്രായം. വനം കയ്യേറാൻ പറ്റിയ അവസരമാണ് ഇപ്പോഴം. പുത്തനായി നെല്ലു വിതയ്ക്കുക, പുത്തനായി പുല്ല് കിളിർപ്പിക്കുക തുടങ്ങിയ കൃഷി ഇറക്കാൻ പറ്റിയ അവസരമാണ് ഇപ്പോഴം. മഴ പെയ്തു മ്പോഴേക്കും അതെല്ലാം കിളിർത്തു വളരും. റാന്നി പ്രദേശത്ത് പതിനഞ്ചു കേന്ദ്രങ്ങളിൽ അവർ ഇപ്പോഴം താമസിക്കുന്നതിന് അപ്പുറത്തേക്കുള്ള വന പ്രദേശത്ത് കുറേശ്ശേ കുറേശ്ശേ . കയറാൻ ഉള്ള ശ്രമങ്ങളം നടന്നു. ഇങ്ങനെ അവിടവിടെ വളരെയധികം വനം കയ്യേറിക്കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള വനം കയ്യേറം തടയാൻ വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാർ പരിശ്രമിക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതുപോലെ നൂറു കണക്കിന് കേസുകളം ഇല്ല. പതിനഞ്ചു കേസുകളം എടുത്തിട്ടുണ്ട്. കുറെ പുത്തൻ കയ്യേറക്കാരെ ഒഴിവാക്കിയിട്ടുണ്ട്. പഴയ കയ്യേറക്കാരെ ഒഴിവാക്കേണ്ടതില്ല എന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോഴം വനംകയ്യേറത്തിന് വിദഗ്ദ്ധമായ ടെക്നിക്കുകളാണ് ഉപയോഗിക്കുന്നത്. മൂന്നു വർഷം നാലു വർഷം പ്രായമായ റബ്ബർ തൈകളം, കുറച്ച് വലുതായ തെങ്ങിൻ തൈകളം, കുറച്ചു വലുതായ കമുകിൻ തൈകളം ഒക്കെ വനത്തിൽ കൊണ്ടുവയ്ക്കും. സ്ഥിരമായ ദേഹണ്ഡം ആണെന്നു വാദിക്കും. ഇതെല്ലാം തടയാൻ ഗവൺമെൻറിൻറെ മാത്രം പ്രവർത്തനം കൊണ്ടു സാധിച്ചുവെന്നു വരില്ല. വനം കയ്യേറ നടപടികളം ഒഴിവാക്കാൻ വേണ്ടി എല്ലാ കക്ഷികളുടെ മെമ്പർമാരെയും വിളിച്ച് ഡിസ്കഷൻ നടത്തുകയും തീരുമാനം എടുക്കുകയും ചെയ്തു. ആ തീരുമാനമനുസരിച്ച് ജനപ്രതിനിധികളം അടങ്ങുന്ന കമ്മിറ്റി എല്ലാ പ്രദേശങ്ങളിലും രൂപീകരിക്കാൻ തീരുമാനിച്ചു. അവരുമായി ആലോചിച്ചായിരിക്കും നടപടികളം എടുക്കുന്നത്. അങ്ങനെയുള്ള ഫലപ്രദമായ നടപടികളം സ്വീകരിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. വളരെ പഴക്കം ചെന്ന കയ്യേറക്കാരെ ഒഴിപ്പിക്കരുത് എന്ന് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പുതിയ കയ്യേറം അനുവദിക്കാൻ പാടില്ലായെന്നുള്ളത് ഈ സഭയുടെ തന്നെ മൊത്തത്തിലുള്ള അഭിപ്രായമാണ്. ഈ പ്രദേശങ്ങളിൽ ഏതെങ്കിലും തരത്തിൽ തെറ്റായ നടപടികളം നടന്നിട്ടുണ്ടെങ്കിൽ അതേക്കുറിച്ച് അന്വേഷിക്കാൻ ബന്ധപ്പെട്ട അധികാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. മാത്യു: കൃത്യമായി വനം കയ്യേറ്റം തടയുന്നതിന്, വന ഭൂമിയും കൃഷിഭൂമിയും വേർതിരിക്കുന്നതിന് ജണ്ട ഇടുന്നതിനുള്ള നടപടികൾ എടുക്കാൻ തീരുമാനമെടുക്കുമോ ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: തീരുമാനം പലതും എടുത്തിട്ടുണ്ട്. ജണ്ട ഇടുക മാത്രമല്ല, വനഭൂമിയും അല്ലാത്ത ഭൂമിയും വേർതിരിച്ചു കാണിക്കുന്നതിന് ഒരു ഡ്രാനേറേഷൻ ബൽറ്റ് തന്നെ ഉണ്ടാക്കുകയും അതു സാധ്യമല്ലാത്ത സ്ഥലത്ത് മറ്റു തരത്തിലുള്ള നടപടി സ്വീകരിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഇപ്പോൾത്തന്നെ ഗവൺമെൻറ് കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

IV. പ്രസ്താവന

ശ്രീ. പി.ജെ. തോമസ്സിന്റെ—കുമ്പഴ ബസ്സപകടത്തെ സംബന്ധിച്ച്

ശ്രീ. പി. ജെ. തോമസ്: സർ, കഴിഞ്ഞ ദിവസം കുമ്പഴയിൽ ഉണ്ടായ ബസ്സപകടം സംബന്ധിച്ച് ഇവിടെ ചർച്ച നടന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഇല്ലായിരുന്നു. ദിവസം തോറും ആളുകൾ കൂടുതൽ കൂടുതൽ മരിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നലെ രണ്ടുപേരും ഇന്ന് ഒരാളുംകൂടി മരിച്ചു. ദിവസേന കൂടുതൽ ആളുകൾ മരണത്തോടു മല്ലടിച്ചു കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും വിവിധ ആശുപത്രികളിലും കിടക്കുകയാണ്. അതു കൂടാതെ നൂറിൽപ്പരം ആളുകൾ നിത്യമായി അംഗഭംഗം വരുന്നവരായി ജീവിതം തന്നെ ഒരു ഭാരമായിത്തീരുന്നവരായി ആശുപത്രിയിൽ കഴിയുകയാണ്. അവരുടെ ദയനീയമായ സ്ഥിതി കുമ്പഴയിൽ പോകുകയും അപകടം കാണുകയും ചെയ്തിട്ടുള്ള വർക്കെല്ലാം മനസ്സിലായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ സ്ഥലം സന്ദർശിച്ചോ എന്നറിയില്ല. ഏതായാലും ആ കൊച്ചു ഗ്രാമം അങ്ങയ്ക്ക് അറിവുള്ള സ്ഥലമാണ്. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുന്ന ആളുകളെ അങ്ങയ്ക്ക് നേരിട്ടറിയാവുന്ന ആളുകളാണ്. കയ്യും കാലും ഒടിഞ്ഞു കിടക്കുന്നു. ജീവിതത്തിനു യാതൊരു ആലംബവുമില്ലാതെ കഴിയുന്ന അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കേണ്ട ബാധ്യത ഗവൺമെൻറിനു ഉണ്ട്. നാലു പേരും അഞ്ചു പേരും മരിച്ച കുടുംബങ്ങൾ ഉണ്ട്. മരിച്ചവർക്ക് രണ്ടായിരം രൂപ കൊടുത്തുവെന്നു പറഞ്ഞ് ഗവൺമെൻറ് സംതൃപ്തമാവരുത്. പരിക്കേറ്റവർക്ക് അഞ്ഞൂറു രൂപ കൊടുത്തു തൃപ്തി അടയരുത്. കൈ ഒടിഞ്ഞും കാലൊടിഞ്ഞും വരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ജീവിതം ഭാരം ആയിരിക്കും എന്നു കണക്കിലെടുത്തുകൊണ്ട് അവരുടെ പരിക്കിന്റെ ഗൗരവം അനുസരിച്ച് കൊടുക്കാനുള്ള തീരുമാനം എടുക്കണം. നമ്മെ സംബന്ധിച്ചിടത്തോളം എന്തുമാത്രം രൂപ പാഴ്ച്ചെലവ് ചെയ്യുന്നു. തൊഴിലില്ലായ്മ വേതനം എന്നു പറഞ്ഞ് ജോലി എടുക്കാത്ത ആളുകൾക്ക് നമ്മൾ രൂപ കൊടുത്തു. ഇവരുടേതായ കുറ്റം ഒട്ടുമില്ലാതെയുള്ള കാര്യത്തിൽ സംഭവിച്ചു പോയ ഈ കാര്യത്തിൽ ഗവൺമെൻറ് സഹതാപപൂർവ്വം പരിഗണിക്കണമെന്ന് അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly